REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാമത് രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രം ഇന്ന് മഹാത്മാവിന് ആദരാഞ്ജലി അർപ്പിക്കും.**
- **പാർലമെന്റ് ബജറ്റ് സമ്മേളനം നാളെ ആരംഭിക്കും. ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം ഇന്ന്.**
- **പ്രയാഗ് രാജ് മഹാ കുംഭമേളയിൽ ഇന്നലെ രാവിലെ ഉണ്ടായ തിക്കിലും തിരക്കിലും 30 ഭക്തർ മരിച്ചതായി സ്ഥിരീകരിച്ചു.**
- **വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് മിഷൻ FFW സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ.**
- **ദേശീയ ഗെയിംസിൽ കേരളം മെഡൽ വേട്ട തുടങ്ങി.**
- **ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ FCയെ നേരിടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാമത് രക്തസാക്ഷിത്വ ദിനം ഇന്ന്. സത്യത്തിലും അഹിംസയിലൂന്നിയ നിലപാടിൽ അടിയുറച്ച് ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്ന് രാജ്യത്തെ മുക്തമാക്കിയ മഹാത്മാവിന് രാജ്യം ഇന്ന് ആദരാഞ്ജലി അർപ്പിക്കും. 1948 ജനുവരി 30 നാണ് മഹാത്മാഗാന്ധി വെടിയേറ്റു കൊല്ലപ്പെട്ടത്. ഈ ദിനം രക്തസാക്ഷിത്വ ദിനമായും രാജ്യം ആചരിക്കുന്നു.

ദിനാചരണത്തോടനുബന്ധിച്ച് ഡൽഹിയിൽ മഹാത്മാ ഗാന്ധിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിൽ സർവധർമ്മ പ്രാർത്ഥനാ സഭ സംഘടിപ്പിക്കും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് രാവിലെ 11 മുതൽ രണ്ട് മിനിറ്റ് മൗനമാചരിക്കും.

✪✪✪

രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച്, "മഹാത്മാ ഗാന്ധിയുടെ യാത്ര: അദ്ദേഹത്തിന്റെ സ്വന്തം രേഖകളിലൂടെ" എന്ന പേരിൽ പ്രത്യേക പ്രദർശനം ഇന്ന് രാജ്ഘട്ടിലെ ദേശീയ ഗാന്ധി മ്യൂസിയത്തിൽ ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്...........

നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയും, നാഷണൽ ഗാന്ധി മ്യൂസിയവും, നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യ, പ്രസാർ ഭാരതി ആർക്കൈവ്സ് എന്നിവയുമായി സഹകരിച്ചാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. അപൂർവ ഫോട്ടോഗ്രാഫുകൾ, ഔദ്യോഗിക രേഖകൾ, ഓഡിയോ റെക്കോർഡിംഗുകൾ, വീഡിയോ ക്ലിപ്പിംഗുകൾ, മഹാത്മാഗാന്ധിയുടെ വ്യക്തിപരമായ കത്തിടപാടുകൾ എന്നിവ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മഹാത്മാവിന്റെ ജീവിതയാത്രയും സുപ്രധാന സംഭവങ്ങളും പ്രദർശിപ്പിക്കുന്ന 30 പാനലുകൾ പ്രദർശനത്തിലുണ്ട്. ഇംഗ്ലണ്ടിലെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം, ദക്ഷിണാഫ്രിക്കയിലെ ജീവിതം, ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന നാഴികക്കല്ലുകളിൽ ഗാന്ധിജിയുടെ നേതൃത്വം എന്നിവ ഇതിൽ ഉൾപ്പെടുന്നു. മഹാത്മാഗാന്ധിയുടെ അഹിംസ, നീതി, സമാധാനം എന്നിവയുടെ തത്ത്വചിന്തയെ ഉൾക്കൊള്ളുന്ന പുരാവസ്തു വസ്തുക്കളുടെ സമ്പന്നമായ ശേഖരം ഈ പ്രദർശനം ഒരുമിച്ച് കൊണ്ടുവരുന്നുവെന്ന് സാംസ്കാരിക മന്ത്രാലയം അറിയിച്ചു.

ഉച്ചകഴിഞ്ഞ് മഹാത്മാ ഗാന്ധിയുടെ ചെറുമകളും നാഷണൽ ഗാന്ധി മ്യൂസിയം ചെയർപേഴ്സണുമായ താരാ ഗാന്ധി ഭട്ടാചാര്യ പ്രദർശനം ഉദ്ഘാടനം ചെയ്യും.

✪✪✪

ഗാന്ധിയൻ ആശയങ്ങൾ കൂടുതൽ പ്രചരിപ്പിക്കാൻ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനമായ ഇന്നുമുതൽ വാർഡ് തലത്തിൽ ഒരുമാസം നീണ്ടു നിൽക്കുന്ന മഹാത്മാഗാന്ധി കുടുംബസംഗമങ്ങൾക്ക് സംസ്ഥാനത്ത് കോൺഗ്രസ് തുടക്കം കുറിക്കും.

24,000ലധികം  വാർഡ് കമ്മിറ്റികളിലെ പ്രസിഡന്റുമാരുടെ അധ്യക്ഷതയിലാണ് കുടുംബസംഗമങ്ങൾ നടത്തുക.

AICC ജനറൽ സെക്രട്ടറി KC.വേണുഗോപാൽ എംപി, KPCC പ്രസിഡന്റ് കെ.സുധാകരൻ എംപി എന്നിവർ തിരുവനന്തപുരം പെരുന്താന്നി വാർഡിൽ നടക്കുന്ന കുടുംബസംഗമത്തിൽ പങ്കെടുക്കും.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം നാളെ ആരംഭിക്കും.  ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യുന്നതോടെയാണ് ബജറ്റ് സമ്മേളനം  ആരംഭിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം ഇന്ന്  ന്യൂഡൽഹിയിൽ ചേരും. സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന്  ഗവൺമെന്റ്  കക്ഷി നേതാക്കളുമായി ചർച്ച നടത്തുകയും പാർട്ടികളുടെ സഹകരണം തേടുകയും ചെയ്യും.

സാമ്പത്തിക സർവേ രാഷ്ട്രപതിയുടെ പ്രസംഗത്തിന് ശേഷം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ നാളെ ലോകസഭയുടെ മേശപ്പുറത്ത് വയ്ക്കും. അടുത്ത സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് മറ്റന്നാൾ ധനമന്ത്രി  ലോകസഭയിൽ അവതരിപ്പിക്കും. തിങ്കളാഴ്ച രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയും രാജ്യസഭയും നന്ദി പ്രമേയം ചർച്ച ചെയ്യും.  ബജറ്റ് സമ്മേളനത്തിന്റെ ആദ്യഭാഗം ഫെബ്രുവരി 13 വരെയാണ്.  രണ്ടാം പാദം  മാർച്ച് 10 മുതൽ ഏപ്രിൽ 4 വരെ നടക്കും.

✪✪✪

പ്രയാഗ്‌രാജ് മഹാകുംഭമേളയിൽ ഇന്നലെ പുലർച്ചെയുണ്ടായ തിക്കിലും തിരക്കിലും 30 ഭക്തർ മരിച്ചതായി DIG വൈഭവ് കൃഷ്ണ അറിയിച്ചു. 25 പേരെ തിരിച്ചറിഞ്ഞതായും അദ്ദേഹം പറഞ്ഞു. 90 പേർക്ക് പരിക്കേറ്റു.

മഹാകുംഭിലെ സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യാൻ ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയും പോലീസ് ഡയറക്ടർ ജനറലും ഇന്ന് പ്രയാഗ്രാജ് സന്ദർശിക്കും.

സ്ഥിതി  വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് പരസ്യപ്രചാരണം അവസാനിക്കാൻ അഞ്ച് നാൾ മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ പോരാട്ടം ശക്തമായി. തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നൽകി വോട്ടർമാരെ സ്വാധീനിക്കാൻ BJPയും ആം ആദ്മി പാർട്ടിയും കോൺഗ്രസും മത്സരിക്കുകയാണ്. പ്രമുഖ നേതാക്കൾ റാലികളിലൂടെയും റോഡ്ഷോകളിലൂടെയും വീടു കയറി പ്രചാരണങ്ങളിലൂടെയും വോട്ടർമാരുടെ പിന്തുണ ഉറപ്പാക്കി വരുന്നു.

ഗോണ്ട നിയോജക മണ്ഡലത്തിലെ കർത്താർ നഗറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ആം ആദ്മി പാർട്ടി ഡൽഹി നിവാസികൾക്ക് തെറ്റായ വാഗ്ദാനങ്ങൾ നൽകുകയാണെന്ന് ആരോപിച്ചു. സൗജന്യ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ നിരവധി വാഗ്ദാനവുമായി കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കി. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ ബാദ്‌ലി, തിമർപൂർ പ്രദേശങ്ങളിൽ പൊതു റാലിയെ അഭിസംബോധന ചെയ്തു,

അടുത്ത ബുധനാഴ്ചയാണ് ഡൽഹിയിൽ വോട്ടെടുപ്പ്.

✪✪✪

സംസ്ഥാനത്തെ ടെക്സ്റ്റൈൽ, കൈത്തറി മേഖലയിൽ കൂടുതൽ നിക്ഷേപം ഉണ്ടാകണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കി ഗവൺമെന്റ് ഒപ്പമുണ്ടെന്നും മന്ത്രി P രാജീവ് പറഞ്ഞു. ടെക്സ്റ്റൈൽ കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാം റാങ്കാണ് കേരളത്തിൽ നിന്നും ഈ ബിസിനസ് അവസരം ടെക്സ്റ്റൈൽ വ്യവസായ സംരംഭങ്ങൾ ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

അടുത്ത മാസം 21നും 22നും കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള സമ്മിറ്റിന് മുന്നോടിയായി സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനും ലക്ഷ്യമിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

✪✪✪

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വനം വകുപ്പ് നടപ്പിലാക്കുന്ന മിഷൻ FFW സമയ ബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി AK. ശശീന്ദ്രൻ അറിയിച്ചു. വയനാട്ടിലെ വന്യജീവി ആക്രമണം അവലോകനം

ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിനുശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനുവരി-മെയ് മാസങ്ങളിൽ വനത്തിനുള്ളിൽ ജല ലഭ്യതയും ഭക്ഷ്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിന് പ്രത്യേക യജ്ഞം എന്ന നിലയിലാണ് Mission Food, Fodder and Water അഥവാ Mission FFW നടപ്പിലാക്കുന്നത്.

മണ്ണിലെ ഈർപ്പം ഇല്ലാതാക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചു നീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെ തദ്ദേശീയ വൃക്ഷയിനങ്ങൾ ഇതിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചുവരുന്നു.

✪✪✪

ജനുവരിയിലെ ഭക്ഷ്യധാന്യങ്ങൾ രണ്ടുദിവസത്തിനകം റേഷൻ കാർഡുടമകൾ കൈപ്പറ്റണമെന്ന് മന്ത്രി GR.അനിൽ അറിയിച്ചു. ജനുവരിയിലെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലുമുണ്ട്. റേഷൻകടകളിൽ സ്റ്റോക്ക് ഇല്ലെന്നും കടകൾ കാലിയാണെന്നും ചില മാധ്യമവാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. കഴിഞ്ഞ മാസത്തെ കമ്മീഷൻ എല്ലാ വ്യാപാരികളുടെയും അക്കൗണ്ടുകളിലേക്ക് കൈമാറിയതായും മന്ത്രി പറഞ്ഞു.

✪✪✪

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളം മെഡൽ വേട്ട തുടങ്ങി. നീന്തലിൽ സജൻ പ്രകാശ് ഇരട്ട വെങ്കലം നേടി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...........വോയ്സ്............

ഷൂട്ടിംഗിൽ 10 മീറ്റർ എയർ റൈഫിളിൽ കേരളത്തിന്റെ KV. വിദർഷ ഫൈനലിൽ പ്രവേശിച്ചു. വനിതകളുടെ ബീച്ച് ഹാൻഡ്ബോളിൽ കേരളം സെമി ഫൈനലിന് യോഗ്യത നേടി. രാവിലെ നടക്കുന്ന സെമിയിൽ കേരളം അസമിനെ നേരിടും. വിജയിച്ചാൽ മെഡൽ ഉറപ്പിക്കാം. വുഷുവിൽ സാന്ദ്രയും സഫീറും മുഹമ്മദ് സിനാനും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. വനിത വിഭാഗം വാട്ടർപോളോയിൽ എതിരില്ലാത്ത 25 ഗോളിന് കേരളം തമിഴ്നാടിനെ തോൽപ്പിച്ചു.

വനിതാ ബാസ്കറ്റ്ബോളിൽ ആദ്യ മത്സരത്തിൽ കേരളം 73-37ന് ഉത്തർപ്രദേശിനെ പരാജയപ്പെടുത്തി. പുരുഷ വിഭാഗം റഗ്ബിയിൽ ആദ്യ

മത്സരത്തിൽ മഹാരാഷ്ട്രയോട് പരാജയപ്പെട്ട കേരള ടീം രണ്ടാം മത്സരത്തിൽ ഉത്തരാഖണ്ഡിനെ തോൽപ്പിച്ച് സെമി സാധ്യത നിലനിർത്തി.

ആദ്യ ദിനം അഞ്ചു സ്വർണവും രണ്ട് വെള്ളിയും ഉൾപ്പെടെ ഏഴു മെഡലുകളുമായി കർണാടകയാണ് ഒന്നാം സ്ഥാനത്ത്. നാലുവീതം സ്വർണവും വെള്ളിയും നേടിയ മണിപ്പൂർ രണ്ടാം സ്ഥാനത്താണ്. പട്ടികയിൽ എട്ടാമതാണ് കേരളം.

✪✪✪

ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ FCയെ നേരിടും. പ്ലേ ഓഫ് സാധ്യത ലക്ഷ്യമിട്ടാണ് ഇരു ടീമുകളും കളത്തിലിറങ്ങുന്നത്. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് 7.30നാണ് മത്സരം.

ഗോഹത്തിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് FCയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തി.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളക്ക് ജയം. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളിന് SC ബംഗളൂരുവിനെയാണ് ഗോകുലം തോൽപ്പിച്ചത്.

കൊൽക്കത്തയിൽ മറ്റന്നാൾ ഇന്റർ കാശിക്കെതിരേയാണ് ഗോകുലത്തിന്റെ അടുത്ത മത്സരം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം ഇന്ന് ബിഹാറിനെ നേരിടും. തിരുവനന്തപുരം കാര്യവട്ടം ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാവിലെ 9.30നു മത്സരം ആരംഭിക്കും. കഴിഞ്ഞ മത്സരത്തിൽ മധ്യപ്രദേശിനെതിരേ ഒന്നാം ഇന്നിംഗ്സ് ലീഡ് നേടിയതോടെ കേരളത്തിന്റെ ക്വാർട്ടർ സാധ്യത സജീവമായി.

✪✪✪

കോലാലംപൂരിൽ അണ്ടർ 19 വനിത ട്വന്റി 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾ നാളെ നടക്കും.

ആദ്യ സെമിയിൽ ഇന്ത്യൻ സമയം രാവിലെ എട്ടിന് ദക്ഷിണാഫ്രിക്ക ഓസ്ട്രേലിയയെ നേരിടും.

ഇന്ത്യൻ സമയം 12ന് ആരംഭിക്കുന്ന രണ്ടാം സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

അക്കാദമിക് നിലവാരം ഉയർത്തുന്നതിനൊപ്പം നാടിനെ സംബന്ധിച്ച അവബോധവും മറ്റുള്ളവരെക്കുറിച്ചു കരുതലും കുട്ടികൾക്കിടയിൽ വളർത്താൻ ശ്രമമുണ്ടാവണമെന്ന് മന്ത്രി OR.കേളു പറഞ്ഞു. കണ്ണൂർ ചാവശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മിച്ച കെട്ടിടത്തിന്റെയും സ്ട്രീം ഹബിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

വ്യക്തി ശുചിത്വം പാലിക്കുന്നത് പോലെ പൊതു ഇടങ്ങൾ ശുചിയായി വയ്ക്കുന്നതിൽ കൂടി ജനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് മന്ത്രി OR.കേളു പറഞ്ഞു. 'മാലിന്യത്തിൽ നിന്നും മലർവാടിയിലേക്ക്' എന്ന സന്ദേശവുമായി കണ്ണൂർ ഇരിട്ടി നഗരസഭയുടെ ഗ്രീൻ ലീഫ് പാർക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോട്ടയം MC റോഡിൽ ഇന്നലെ രാത്രിയുണ്ടായ വാഹനാപകടത്തിൽ ഇന്ന് വിവാഹിതനാവാനിരുന്ന യുവാവ് മരിച്ചു. കോട്ടയം കടപ്ലാമറ്റം സ്വദേശി ജിജോ ജിൻസൺ ആണ് മരിച്ചത്. ജിജോ സഞ്ചരിച്ച ബൈക്ക് ട്രാവലറുമായി കൂട്ടിയിടിക്കുകയായിരുന്നു.

✪✪✪

കോഴിക്കോട് വടകര വക്കീൽ പാലത്തിന് സമീപം രണ്ട് വയസ്സുകാരി വീട്ടിനടുത്ത പുഴയിൽ ഒഴുക്കിൽപ്പെട്ട് മരിച്ചു. ഹവ ഫാത്തിമയാണ് മരിച്ചത്.

✪✪✪

അടുത്തമാസം 24ന് നടക്കുന്ന 30 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.

വയനാട് ഒഴികെ 13 ജില്ലകളിലായി ഒരു കോർപ്പറേഷൻ വാർഡ്, രണ്ട് ബ്ളോക്ക്പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual New Reader : സയ്യിദ് അലി ശിഹാബ്*
*DEO : സുബോധ് സി കെ*